# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2311** — **08/07/2015-ൽ മറുപടിക്ക്**

## നിരോധിത മരുന്നുകളുടെ വിൽപ്പന

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. അബ്ദു റഹിമാൻ രണ്ടത്താണി** | | **ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)** |
| എ) സംസ്ഥാനത്ത് നിരോധിത മരുന്നുകൾ വിൽപ്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) & | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനമോ അന്വേഷണമോ നടത്തിയിട്ടുണ്ടോ ; | ബി) | മരുന്നുകൾ നിരോധിയ്ക്കുന്നതിനുള്ള പരമാധികാരം ഡ്രഗ്സ് കൺട്രോൾ ജനറൽ (ഇന്ത്യ) യ്ക്കാണ്. |
| സി) നിരോധിച്ച മരുന്നുകളുടെ പട്ടിക വെളിപ്പെടുത്താമോ ; | സി) | നിരോധിച്ച മരുന്നുകളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ഡി) ഇത്തരം മരുന്നുകളുടെ വിൽപ്പന തടയുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ ? | ഡി) | ഒരു മരുന്ന് നിരോധിച്ചുകൊണ്ടുള്ള ഡ്രഗ്സ് കൺട്രോൾ ജനറൽ (ഇന്ത്യ)യുടെ ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്ന മാത്രയിൽത്തന്നെ പ്രസ്തുത മരുന്ന് വിപണിയിൽ നിന്നും പിൻവലിക്കുന്നതിലേയ്ക്കായി ആയതിന്റെ വിശദാംശങ്ങൾ മൊത്ത/ചില്ലറ ഔഷധ വ്യാപാര സ്ഥാപനങ്ങൾ, ഫാർമസിസ്റ്റുകൾ തുടങ്ങി , ആരോഗ്യ മേഖലയിലുള്ളവർക്ക് എസ്.എം.എസ് സന്ദേശം അയയ്ക്കാറുണ്ട്. പൊതുജനങ്ങളുടെ അറിവിലേയ്ക്കായി പത്രമാദ്ധ്യമങ്ങളിലും പ്രസിദ്ധപ്പെടുത്താറു ണ്ട്. കൂടാതെ വകുപ്പിൻ കീഴിലുള്ള എല്ലാ ഓഫീസുകളിലേയും എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്ക് പ്രസ്തുത മരുന്ന് വിപണിയിൽ നിന്നും പിൻവലിച്ചതായി ഉറപ്പുവരുത്തുന്നതിലേ |

യ്ക്കായും പ്രസ്തുത വിഷയത്തിൻമേൽ സ്വീകരിച്ച നടപടികൾ വകുപ്പ് ഹെഡ്ക്വാർട്ടേഴ്സിൽ ക്രോഡീകരിച്ച് നിരോധിത മരുന്നുകൾ എല്ലാം തന്നെ വിപണിയിൽ നിന്നും ദൂരീകരിക്കാറുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്